എ4/5843/2015

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്
പാലക്കാട്. തിയ്യതി: 20/11/2015
Email-ddepkd@gmail.com
Phone – 0491 2505469

## – അറിയിപ്പ്–

വിഷയം:– പൊതു വിദ്യാഭ്യാസം – പി. ഡി. ടീച്ചർ/ യു.പി.എസ്.എ/ എൽ.പി.എസ്.എ/സ്ഥലമാറ്റ നിയമന ഉത്തരവ് – രണ്ടാം ഘട്ടം – താത്ക്കാലിക ഉത്തരവ് – പരാതി – സ്വീകരിക്കുന്നതിന് – പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:– 1) ഡി.പി.ഐ.യുടെ സർക്കുലർ നമ്പർ. ബി1/10262/15 തിയ്യതി:18/03/2015
2) ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ. എ4/5843/15 തിയ്യതി. 22/05/2015.

**************************

സൂചന(1)& (2) ന്റെ അടിസ്ഥാനത്തിൽ പി.ഡി. ടീച്ചർ/ യു.പി.എസ്.എ/ എൽ.പി.എസ്.എ തുടങ്ങിയവരുടെ ഒന്നാം ഘട്ട സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇതിന്റെ തുടർച്ചയായി ലഭ്യമായ വിവരങ്ങൾ വെച്ചും, ഡി.ഡി.ഇ. റാങ്ക് നമ്പറിന്റെ അടിസ്ഥാനത്തിലും, രണ്ടാം ഘട്ട സ്ഥലമാറ്റ ഉത്തരവ് ഇറക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ താത്ക്കാലിക ഉത്തരവ് ഇതോടൊപ്പം നൽകുന്നു. 1:45 ന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഈ താത്ക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ആയത് പരിശോധിച്ച്.

1) ബന്ധപ്പെട്ട ഏ.ഇ.ഒ/ഡി.ഇ.ഒ/പ്രധാന അദ്ധ്യാപകർ, തുടങ്ങിയ ഉദ്യോഗസ്ഥർ, സ്ഥലമാറ്റം ലഭിച്ച അദ്ധ്യാപകൻ/അദ്ധ്യാപികയ്ക്ക് സ്ഥലമാറ്റം ലഭിച്ചിരിക്കുന്നത് 1:45 തലത്തിലാണെന്ന് ഉറപ്പു വരുത്തേണ്ടതും, അല്ലാത്തവ ഈ കാര്യാലയത്തിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാകുന്നു.
2) സ്ഥലമാറ്റം ലഭിച്ച ഉദ്യോഗസ്ഥർ, 1:45 പ്രകാരമുള്ള തസ്തികയിലേക്കാണ് പോകുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3) ടി താത്ക്കാല സ്ഥലമാറ്റ ഉത്തരവ്, സീനിയോറിറ്റിയുടെ (ഡി.ഡി.ഇ റാങ്ക് നമ്പർ.) അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിന്മേൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ കാര്യാലയത്തിൽ പരാതി നൽകാവുന്നതാണ്.
4) പരാതികൾ നേരിട്ട് സെക്ഷനിൽ (എ4 സെക്ഷൻ) നൽകേണ്ടതാണ്.
5) പരാതികൾ 26 – ാം തിയ്യതി വരെ സ്വീകരിക്കുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
6) പരാതികൾ തീർത്തതിനുശേഷം അന്തിമ സ്ഥാലമാറ്റ ഉത്തരവ് ഉടനെ ഇറക്കുന്നതാണ്.

വിദ്യാഭ്യാസ ഉപ ഡയറക്ടർ
പാലക്കാട്.

പകർപ്പ്:–

1) എല്ലാ ഡി.ഇ.ഒ/ ഏ.ഇ.ഒ/പ്രധാനാദ്ധ്യാപകർക്കും
2) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും

ജെ.ആർ. 22/11/2015